# മൗറീഷ്യസ് പ്രധാനമന്ത്രിയും ശ്രീലങ്കൻ പ്രധാനമന്ത്രിയുമായി ചേർന്ന് പ്രധാനമന്ത്രി UPI സേവനങ്ങൾ ഉദ്ഘാടനം ചെയ്തു.

ഫെബ്രുവരി 12, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി, ശ്രീലങ്കൻ പ്രസിഡന്റ് ശ്രീ. റെനിൽ വിക്രമസിംഗെയുമായും മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. പർവിന്ദ് ജുഗ്നോതുമായും ചേർന്ന് ശ്രീലങ്കയിലും മൗറീഷ്യസിലും ആരംഭിക്കുന്ന യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (UPI) സേവനങ്ങളും മൗറീഷ്യസിലെ റുപ്പെ കാർഡ് സേവനങ്ങളും വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തു.

സഹ-ബ്രാൻഡായ റുപ്പെ കാർഡ് മൗറീഷ്യസിലെ ആഭ്യന്തര കാർഡായി ഉപയോഗിക്കപ്പെടുമെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. പർവിന്ദ് ജുഗ്നോത് പറഞ്ഞു. സേവനം ഇരു രാജ്യങ്ങളിലെ പൗരന്മാർക്ക് ഗുണകരമാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

അയോധ്യ ധാമിലെ ശ്രീരാം മന്ദിർ സമർപ്പണത്തിൽ ശ്രീലങ്കൻ പ്രസിഡന്റ് ശ്രീ. റെനിൽ വിക്രമസിംഗെ പ്രധാനമന്ത്രിയെ അഭിനന്ദനം അറിയിച്ചു. നൂറ്റാണ്ടുകൾ പഴക്കമുള്ള സാമ്പത്തിക ബന്ധങ്ങളെയും അദ്ദേഹം അനുസ്മരിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകുമെന്നും സഹകരണം കൂടുതൽ പുരോഗതി നേടുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

ചരിത്രപരമായ ബന്ധങ്ങളിൽ തുടങ്ങി അധുനിക ഡിജിറ്റൽ ബന്ധത്തിൽ വരെ എത്തി നിൽക്കുന്ന മൂന്ന് സുഹൃത് രാജ്യങ്ങളായ ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും മൗറീഷ്യസിനും ഇന്ന് ഒരു സവിശേഷ ദിനമാണെന്ന് ചടങ്ങിൽ സംസാരിച്ചുകൊണ്ട് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. ജനങ്ങളുടെ പുരോഗതിയിലുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ തെളിവാണിതെന്നും അദ്ദേഹം പറഞ്ഞു. ഫിൻടെക് കണക്റ്റിവിറ്റി രാജ്യങ്ങൾ തമ്മിലുള്ള ഇടപാടുകളും കണക്ഷനുകളും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. "ഇന്ത്യയുടെ UPI അഥവാ യുണൈറ്റഡ് പേയ്മെന്റ് ഇന്റർഫേസ് ഇന്ന് ഇന്ത്യയുമായി പങ്കാളികളെ ഏകീകരിക്കൽ എന്ന ഒരു പുതിയ ചുമത ഏറ്റെടുത്തിരിക്കുന്നു", അദ്ദേഹം പറഞ്ഞു.

ഡിജിറ്റൽ അടിസ്ഥാനസൗകര്യം ഇന്ത്യയിൽ വിപ്ലവകരമായ മാറ്റമാണ് കൊണ്ടുവന്നിരിക്കുന്നതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. വിദൂര ഗ്രാമങ്ങളിലുള്ള ചെറിയ കച്ചവടക്കാർ പോലും UPI വഴി ഇടപാടുകൾ നടത്തുകയും ഡിജിറ്റൽ പേയ്മെന്റുകൾ നടത്തുകയും ചെയ്യുന്നു. UPI ഇടപാടുകളുടെ സൗകര്യത്തെയും വേഗതയെയും കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, കഴിഞ്ഞ വർഷം UPI വഴി 100 ബില്യണിലധികം ഇടപാടുകൾ നടന്നതായി ചൂണ്ടിക്കാട്ടി. 2 ലക്ഷം കോടി രൂപ അഥവാ 8 ട്രില്യൻ ശ്രീലങ്കൻ രൂപ അഥവാ 1 ട്രില്യൻ മൗറീഷ്യസ് രൂപ മൂല്യമുള്ള ഇടപാടുകളാണ് നടന്നത്. GEM ട്രിനിറ്റി ബാങ്ക് അക്കൗണ്ടുകൾ, ആധാർ, മൊബൈൽ ഫോൺ എന്നിവ വഴിയുള്ള ലാസ്റ്റ് മൈൽ ഡെലിവറിയെ കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇതുവഴി 34 ലക്ഷം കോടി അല്ലെങ്കിൽ 400 ബില്യൺ യുഎസ് ഡോളർ കൈമാറി. കോവിൻ പ്ലാറ്റ്ഫോം വഴി ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ പരിപാടിയാണ് ഇന്ത്യ നടത്തിയതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. "സാങ്കേതികവിദ്യയുടെ ഉപയോഗം സുതാര്യത പ്രോത്സാഹിപ്പിക്കുകയും അഴിമതി കുറയ്ക്കുകയും സാമൂഹ്യമായ ഉൾക്കൊള്ളൽ വർദ്ധിപ്പിക്കുകയും ചെയ്യും", പ്രധാനമന്ത്രി പറഞ്ഞു.

“ഇന്ത്യയുടെ നയം ‘അയൽക്കാർക്ക് ആദ്യം’ എന്നതാണ്. നമ്മുടെ സമുദ്ര ദർശനം SAGAR എന്നതാണ്, അതായത് മേഖലയിലെ എല്ലാവരുടെയും സുരക്ഷയും വളർച്ചയും. ഇന്ത്യ അതിന്റെ വികസനത്തെ അയൽരാജ്യങ്ങളിൽ നിന്ന് വേറിട്ട് കാണുന്നില്ല” എന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

ശ്രീലങ്കൻ പ്രസിഡന്റിന്റെ കഴിഞ്ഞ സന്ദർശന വേളയിൽ സ്വീകരിച്ച ദർശന രേഖയെ പരാമർശിച്ച്, സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നത് അതിന്റെ പ്രധാന ഘടകമാണെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ജി20 ഉച്ചകോടിയിലെ പ്രത്യേക അതിഥിയായി എത്തിയ സമയത്ത് മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നോതുമായും ഈ ചർച്ചകൾ നടത്തിയിരുന്നു.

UPI സേവനം ആരംഭിക്കുന്നത് ശ്രീലങ്കയ്ക്കും മൗറീഷ്യസിനും ഗുണകരമാകുമെന്നും ഡിജിറ്റൽ മാറ്റത്തിന് ഉത്തേജനം പകരുകയും പ്രാദേശിക സമ്പദ്‌വ്യവസ്ഥ ക്രിയാത്മക മാറ്റത്തിന് സാക്ഷ്യം വഹിക്കുമെന്നും വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുമെന്നും പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു. “ഇന്ത്യൻ വിനോദസഞ്ചാരികൾ UPI ഉള്ള രാജ്യങ്ങൾ സന്ദർശിക്കുന്നതിൽ മുൻഗണന നൽകുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ശ്രീലങ്കയിലും

മൗറീഷ്യസിലും താമസിക്കുന്ന ഇന്ത്യൻ വംശജർക്കും അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇതിന്റെ ഗുണം ലഭിക്കും," പ്രധാനമന്ത്രി പറഞ്ഞു. ഏഷ്യയിൽ നേപ്പാൾ, ഭൂട്ടാൻ, സിംഗപ്പൂർ, ഗൾഫിൽ യുഎഇ തുടങ്ങിയ രാജ്യങ്ങൾക്ക് ശേഷം, മൗറീഷ്യസിൽ എത്തുന്ന റുപ്പെ കാർഡ് ഇനി ആഫ്രിക്കയിലും വൈകാതെ എത്തും. മൗറീഷ്യസിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്നവർക്കും ഇത് സൗകര്യപ്രദമാകും. കറൻസി കൈവശം വയ്ക്കേണ്ട ആവശ്യവും കുറയും. UPI, റുപ്പെ കാർഡ് സംവിധാനം നമ്മുടെ സ്വന്തം കറൻസിയിൽ തത്സമയവും ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമായ പേയ്മെന്റുകൾക്ക് അവസരമൊരിക്കും. ഭാവിയിൽ, അതിർത്തിക്ക് അപ്പുറത്തേക്കുള്ള പണമയയ്ക്കലിലേക്ക്, അതായത് വ്യക്തിയിൽ നിന്ന് വ്യക്തിക്കുള്ള (P2P) പേയ്മെന്റ് സൗകര്യത്തിലേക്ക് നീങ്ങാമെന്ന് പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഗ്ലോബൽ സൗത്ത് സഹകരണത്തിന്റെ വിജയത്തെയാണ് സേവനത്തിന്റെ തുടക്കമിടലുകൾ സൂചിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. "നമ്മുടെ ബന്ധം ഇടപാടുകളുടെ മാത്രമല്ല, ചരിത്രപരമായ ബന്ധമാണ്", മൂന്ന് രാജ്യങ്ങളിലെ ജനങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ശക്തി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. കഴിഞ്ഞ പത്ത് വർഷമായി അയൽക്കാരായ സുഹൃത്തുക്കളെ ഇന്ത്യ പിന്തുണയ്ക്കുന്നത് പരാമർശിച്ച്, പ്രകൃതിദുരന്തങ്ങൾ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സാമ്പത്തികം അല്ലെങ്കിൽ അന്താരാഷ്ട്ര വേദികളിലെ പിന്തുണ എന്നിങ്ങനെ പ്രതിസന്ധിയുടെ ഏത് ഘട്ടത്തിലും ഇന്ത്യ സുഹൃത്തുക്കൾക്കൊപ്പം നിൽക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. "ഇന്ത്യയായിരുന്നു ആദ്യം പ്രതികരിച്ചത്, അത് അങ്ങനെ തുടരും", പ്രധാനമന്ത്രി വ്യക്തമാക്കി. ജി20 പ്രസിഡന്റായിരിക്കുമ്പോഴും ഗ്ലോബൽ സൗത്തിന്റെ ആശങ്കകളോടുള്ള ഇന്ത്യയുടെ പ്രത്യേക ശ്രദ്ധയും പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യത്തിന്റെ നേട്ടങ്ങൾ ഗ്ലോബൽ സൗത്തിലെ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഒരു സോഷ്യൽ ഇംപാക്റ്റ് ഫണ്ട് രൂപീകരിക്കുന്നതിനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

സേവനങ്ങൾക്ക് തുടക്കമിട്ട ഇന്നത്തെ ചടങ്ങിൽ മുഖ്യ പങ്കുവഹിച്ച ശ്രീലങ്കൻ പ്രസിഡന്റ് റെനിൽ വിക്രമസിംഗെയെയും മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നോതെയെയും പ്രധാനമന്ത്രി കൃതജ്ഞത അറിയിച്ചു. ഈ തുടക്കമിടൽ വിജയകരമാക്കിയതിന് മൂന്ന് രാജ്യങ്ങളിലെയും കേന്ദ്ര ബാങ്കുകളെയും ഏജൻസികളെയും അദ്ദേഹം നന്ദി അറിയിച്ചു.

ന്യൂഡൽഹി
**ഫെബ്രുവരി 12, 2024**